പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
റീബിൾഡ് കേരള ഇനിഷ്യേറ്റീവ്
ത.സ്വ.ഭ.വ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഗ്രൗണ്ട് ഫ്ലോർ
സെൻട്രൽ ടെലിഫോൺ എക്സ്ചേഞ്ച്
തിരുവനന്തപുരം 695001

ഫോൺ: 0471-2328812
Email:pmurkilsgd@gmail.com

No : E1-69/2022/PMULSGD

തിയതി , 27/01/2023

# സർക്കുലർ

വിഷയം : ആർ.കെ.ഐ പ്രവൃത്തികളിലെ കോൺട്രാക്ടറുടെ ഭാഗത്തു നിന്നുള്ള എൻജിനീയറുടെ അഭാവം സംബന്ധിച്ച്.

സൂചന : പ്രോജക്ട് ഡയറക്ടറുടെ പത്തനംതിട്ട, വയനാട് ജില്ലകളിലെ 17/01/23, 20/01/23 & 24/01/23 തിയതികളിലെ സ്ഥല പരിശോധന.

SDB Clause 16.1(a),(b),(c)&(d) പ്രകാരം, പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന സൈറ്റിൽ ടെക്നിക്കൽ തലത്തിലെ ഉദ്യോഗസ്ഥനെ കോൺട്രാക്ടർ ചുമതലപ്പെടുത്തേണ്ടതുണ്ട്. അത് പ്രകാരം എഗ്രിമെന്റിൽ ഏർപ്പെട്ടപ്പോൾ ടി ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങളും, സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുള്ളതുമാണ്. എന്നാൽ വിവിധ സൈറ്റുകളിൽ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ നടന്ന സൂചന സ്ഥല പരിശോധനകളിൽ സൈറ്റിൽ പര്യാപ്തമായ ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെടുകയും, അത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വിഘാതമുണ്ടാക്കുന്നതായി ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ബില്ലിനോടൊപ്പം സൈറ്റ് സൂപ്പർവൈസർമാരുടെ ഹാജർ കൂടി അതാത് ഫീൽഡ് തല ഉദ്യോഗസ്ഥന്മാർ സാക്ഷ്യപ്പെടുത്തി ഉചിത മാർഗ്ഗേന ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം SDB Clause 16.2 പ്രകാരം ബില്ലിൽ നിന്നും പെനാൽറ്റി ഈടാക്കുന്നതായിരിക്കും.

PROJECT MANAGEMENT UNIT * GSGD * OFFICE OF THE PROJECT DIRECTOR, REBUILD KERALA INITIATIVE

പ്രോജക്ട് ഡയറക്ടർ

27/01/2023